# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3901 | 12.12.2018 ൽ മറുപടിക്ക്

## നിരപരാധിയെ കേസിൽ കുടുക്കിയ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വെള്ളറടയിൽ നടന്ന മോഷണത്തിന്റെ പേരിൽ കുന്നത്തുകാൽ സ്വദേശിയായ റെജി എന്ന യുവാവിനെ പോലീസ് അറസ്റ്റ് ചെയ്ത് 21 ദിവസം ജയിലിൽ അടച്ചിരുന്നോ; | (എ) വെള്ളറട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1076/17 U/s 451,380 & 34 IPC, ക്രൈം നമ്പർ 1237/17, U/s 379 & 34 IPC കേസുകളിൽ പ്രതിയായ റെജിനെ റിമാന്റ് ചെയ്ത് 21 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്നു. |
| (ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവി എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇത് സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് നൽകിയിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരപരാധികളെ കേസിൽ കുടുക്കി പീഢിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരപരാധികളെ കേസിൽ കുടുക്കി പീഢിപ്പിക്കുകയും ജയിലിലടയ്ക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസന്വേഷണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല വാക്കാലന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ